2025
DECEMBER
12
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## കേരളത്തിലെ ദേശീയ പാത തകർച്ച

# കർശന നടപടിയുമായി ദേശീയ പാത അതോറിറ്റി

**ന്യൂഡൽഹി:** നിർമാണത്തിനിടെ ദേശീയ പാത ഇടിഞ്ഞുതാഴ്ന്ന സംഭവത്തിൽ കർശന നടപടി സ്വീകരിച്ച് ദേശീയ പാത അതോറിറ്റി (NHAI). 2025 ഡിസംബർ അഞ്ചിന് കൊല്ലം കൊട്ടിയത്തിനടുത്ത് ദേശീയ പാത 66ൽ മൈലക്കാടാണ് അപകടമുണ്ടായത്. കൊല്ലം കടമ്പാട്ടുകോണം പദ്ധതിപ്രദേശത്താണ് റീഇൻഫോഴ്സ്ഡ് സോയിൽ (ആർഎസ്) മതിൽ തകർന്നത്. വാഹനങ്ങൾക്കായുള്ള അടിപ്പാതയിലേക്കുള്ള 9.4 മീറ്റർ ഉയരമുള്ള  മതിലിന്റെ ഭാഗത്താണു തകർച്ചയുണ്ടായത്.  ഘടനയെ താങ്ങിനിർത്താൻ അടിത്തറയിലെ മണ്ണിന് കഴിയാത്തതിനാൽ ആഴത്തിലുള്ള വിള്ളലോ ഭാരംവഹിക്കാനുള്ള ശേഷിയിലെ പരാജയമോ ആണ് തകർച്ചയ്ക്ക് കാരണമായതെന്നാണ് പ്രാഥമിക വിലയിരുത്തലുകൾ സൂചിപ്പിക്കുന്നത്.

സംഭവത്തിന്റെ പശ്ചാത്തലത്തിൽ, ഈ മേഖലയുടെ നിർമാണത്തിലെ കരാറുകാരായ ശിവാലയ കമ്പനിയെയും സ്വതന്ത്ര എൻജിനിയറിങ് കമ്പനിയായ ഫീഡ്ബാക്ക്സത്രയെയും ഭാവിപദ്ധതികൾക്കുള്ള ലേലത്തിൽനിന്നു താൽക്കാലികമായി സസ്പെൻഡ് ചെയ്തു. ശിവാലയക്കു മൂന്നുവർഷം വരെയും ഫീഡ്ബാക്ക് സത്രയ്ക്കു രണ്ടുവർഷം വരെയും വിലക്ക് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന മുന്നറിയിപ്പോടെ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഇവർക്കെതിരെ പിഴ ചുമത്തൽ നടപടികളും ആരംഭിച്ചു. കൂടാതെ, ശിവാലയയുടെ പ്രോജക്ട് മാനേജരെയും ഫീഡ്ബാക്ക്സത്രയുടെ റെസിഡന്റ് എൻജിനിയർമാരെയും പദ്ധതിയിൽനിന്ന് അടിയന്തരമായി നീക്കംചെയ്തു.

ആർഎസ് വാൾ സാങ്കേതികവിദ്യ ഏറെക്കാലമായി നിലവിലുള്ളതും വ്യാപകമായി ഉപയോഗത്തിലുള്ളതുമാണെങ്കിലും, എൻ.എച്ച് 66 ലെ അടുത്തിടെയുണ്ടായ തകർച്ചകൾ മണ്ണിന്റെ ഭാരം വഹിക്കൽ ശേഷിയെയും നിർമാണ ഗുണ നിലവാരത്തെയും കുറിച്ച് ആശങ്കകൾ ഉയർത്തിയിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ, ദേശീയ പാത അതോറിറ്റി സമഗ്ര കർമപദ്ധതിക്കു തുടക്കംകുറിച്ചു. തകർച്ചയുടെ കാരണങ്ങൾ നിർണയിക്കാനും തിരുത്തൽ നടപടികൾ ശുപാർശ ചെയ്യാനുമായി ഡോ. ജിമ്മി തോമസ് (ഐ.ഐ.ടി കാൺപൂർ), ഡോ. ടി.കെ. സുധീഷ് (ഐ.ഐ.ടി പാലക്കാട്) എന്നിവരടങ്ങുന്ന ഉന്നതതല വിദഗ്ദ്ധ സമിതി 2025 ഡിസംബർ ആറിനു മൈലക്കാട്ടെ സംഭവസ്ഥലം പരിശോധിച്ചു.

കൂരിയാടു സംഭവത്തിനുശേഷം നേരത്തേ രൂപവൽക്കരിച്ച വിദഗ്ധസമിതിയുടെ ശുപാർശകൾ ഇതിനകം നടപ്പാക്കിവരികയാണ്. ഇതിനുപുറമെ, കേരളത്തിൽ ദേശീയ പാത 66ലെ 18 പദ്ധതികളിലെ 378 ആർഎസ് മതിലുകളിലും മറ്റു നിർമിതികളിലുമായി മണ്ണിന്റെ സമഗ്ര പരിശോധനയും പഠനങ്ങളും നടത്തുന്നതിനായി ദേശീയ പാത അതോറിറ്റി 18 ഭൗമസാങ്കേതിക ഏജൻസികളെ നിയോഗിച്ചിട്ടുണ്ട്. പൂർത്തിയായതും നടന്നുകൊണ്ടിരിക്കുന്നതും, നിർദേശിച്ചിട്ടുള്ളതുമായ ജോലികൾ ഈ പരിശോധനയിൽ ഉൾപ്പെടുത്തും. മൂന്നു മാസത്തിനുള്ളിൽ ഘട്ടംഘട്ടമായി ഇതു പൂർത്തിയാക്കാനാണു ലക്ഷ്യമിടുന്നത്.

കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, എല്ലാ ആർഎസ് മതിൽ രൂപകൽപ്പനയും സമഗ്രമായി അവലോകനം ചെയ്യും. ആവശ്യമെങ്കിൽ പൊളിക്കലും പുനർനിർമാണവും ഉൾപ്പെടെയുള്ള പരിഹാരനടപടികൾ സ്വീകരിക്കും. ഗുണനിലവാരവും സുരക്ഷാമാനദണ്ഡങ്ങളും ഉറപ്പിച്ചതിനുശേഷമേ ആർഎസ് മതിലുകൾക്ക് അംഗീകാരമേകൂ. കൂടാതെ, മറ്റ് എൻ.എച്ച് 66 പദ്ധതികളിൽ RITESന്റെ നേതൃത്വത്തിലുള്ള സുരക്ഷാ ഓഡിറ്റുകൾ വിപുലപ്പെടുത്തുകയും, സാധ്യതയുള്ള അപകടങ്ങൾ മുൻകൂട്ടി കണ്ടെത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

## 'സ്റ്റുഡന്റ്സ് ബിനാലെ'

**കൊച്ചി;** ഇന്ത്യയിലുടനീളമുള്ള 175ലധികം കലാസ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥി കലാകാരന്മാരുടെ പ്രോജക്റ്റുകൾ അവതരിപ്പിക്കുന്ന 'സ്റ്റുഡന്റ്സ് ബിനാലെ' മട്ടാഞ്ചേരിയിലെ വികെഎൽ വെയർഹൗസിൽ നടക്കും. അങ്ക ആർട്ട് കളക്ടീവ്, അശോക് വിഷ്, ചിനാർ ഷാ, ഗാബ, ഖുർഷിദ് അഹമ്മദ്, സൽമാൻ ബഷീർ ബാബ, സവ്യസാചി അഞ്ജു പ്രബീർ, സെക്യുലർ ആർട്ട് കളക്ടീവ്, ശീതൾ സി.പി, സുധീഷ് കോട്ടമ്പ്രം, സുകന്യ ദേബ് എന്നിവരടങ്ങുന്ന ഏഴ് ക്യുറേറ്റർമാരും കൂട്ടായ്മകളുമാണ് ഇതിന് നേതൃത്വം നൽകുന്നത്. ഐശ്വര്യ സുരേഷ്, കെ.എം. മധുസൂദനൻ എന്നിവർ ക്യുറേറ്റ് ചെയ്യുന്ന 'ഇടം' പ്രദർശനം മട്ടാഞ്ചേരി ബസാർ റോഡിലെ മൂന്ന് വേദികളിലായി നടക്കും.

കേരളത്തിൽ നിന്നും വിദേശത്ത് നിന്നുമുള്ള 36 കലാകാരന്മാരും കൂട്ടായ്മകളുമാണ് ഇതിൽ പങ്കെടുക്കുന്നത്. സമകാലിക ജീവിതാനുഭവങ്ങളെയും തലമുറകൾ തമ്മിലുള്ള സംവാദങ്ങളെയും പ്രാദേശിക പാരമ്പര്യങ്ങളെയും അടിസ്ഥാനമാക്കിയുള്ളതാണ് ഈ പ്രദർശനം. അന്തരിച്ച വിവാൻ സുന്ദരത്തിന്റെ 'സിക്സ് സ്റ്റേഷൻസ് ഓഫ് എ ലൈഫ് പർസ്യൂഡ്' എന്ന ഫോട്ടോഗ്രാഫി അധിഷ്ഠിത ഇൻസ്റ്റലേഷൻ മട്ടാഞ്ചേരിയിലെ ക്യൂബ് ആർട്ട് സ്പേസിൽ പ്രദർശിപ്പിക്കും. പ്രാദേശിക സമൂഹവും ചരിത്രവുമായി ആശയവിനിമയം നടത്തി പൊതുഇടങ്ങളിലേക്ക് കലയെയും ആശയങ്ങളെയും എത്തിക്കുന്ന ഐലന്റ് മ്യൂറൽ പ്രൊജക്ടിനും ഇക്കുറി കെബിഎഫ് ആതിഥേയത്വം വഹിക്കുന്നുണ്ട്. ഉദ്ഘാടന വാരത്തിൽ നിരവധി പ്രകടനകലകൾ, സംവാദം, പ്രഭാഷണങ്ങൾ, സംഗീത നിശകൾ തുടങ്ങിയ പ്രധാന വേദികളിലും ബിനാലെ അനുബന്ധ വേദികളും നടക്കും.

## പ്രചാരണത്തിനുപയോഗിച്ച സാധനങ്ങൾ മാറ്റണം

**തിരുവനന്തപുരം:** തദ്ദേശതിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് അവസാനിച്ചതിനാൽ സ്ഥാനാർത്ഥികളും രാഷ്ട്രീയപാർട്ടികളും ഉപയോഗിച്ച പ്രചാരണസാമഗ്രികൾ നീക്കം ചെയ്യണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു.

# തദ്ദേശ പൊതുതിരഞ്ഞെടുപ്പ്: വോട്ടെണ്ണൽ നാളെ ; സംസ്ഥാനത്ത് 244 വോട്ടെണ്ണൽ കേന്ദ്രങ്ങൾ




**തിരുവനന്തപുരം:** തദ്ദേശപൊതുതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ  വിവിധ കേന്ദ്രങ്ങളിൽ നടക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു. ബ്ലോക്ക് തലത്തിലുള്ള കേന്ദ്രങ്ങളിൽ വച്ച് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ അതത് സ്ഥാപനങ്ങളുടെയും വോട്ടെണ്ണും. സംസ്ഥാനത്ത് ആകെ 244 വോട്ടെണ്ണൽ കേന്ദ്രങ്ങളാണുള്ളത്.  ഇതു കൂടാതെ 14 ജില്ലാപഞ്ചായത്തിലേയ്ക്കുള്ള പോസ്റ്റൽ ബാലറ്റുകൾ എണ്ണുന്നത് അതത് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ കളക്ട്രേറ്റുകളിലായിരിക്കും. ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളുടെ വോട്ടെണ്ണുന്നത് ബ്ലോക്ക് തലത്തിലുള്ള കേന്ദ്രത്തിലായിരിക്കും. ഇവിടെ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ പോസ്റ്റൽ ബാലറ്റുകൾ അതത് വരണാധികാരികളുടെ ടേബിളിൽ എണ്ണും.

വോട്ടെണ്ണൽ ശനിയാഴ്ച രാവിലെ എട്ടിനു ആരംഭിക്കും. ആദ്യം വരണാധികാരിയുടെ ടേബിളിൽ പോസ്റ്റൽ ബാലറ്റ് എണ്ണി തുടങ്ങും. തുടർന്ന് വോട്ടിങ് മെഷീനുകളിലെ വോട്ടുകൾ എണ്ണും. വോട്ടെണ്ണലിന് ഇലക്ട്രോണിക് വോട്ടിങ് മെഷീനിലെ കൺട്രോൾ യൂണിറ്റുകൾ മാത്രമാണ് സ്ട്രോങ്ങ് റൂമുകളിൽ നിന്നും ടേബിളുകളിൽ എത്തിക്കുക. സ്ട്രോംഗ് റൂം തുറക്കുന്നത് വരണാധികാരി, ഉപവരണാധികാരി, നിരീക്ഷകർ, സ്ഥാനാർഥികൾ, ഏജന്റുമാർ എന്നിവരുടെ സാന്നിധ്യത്തിലായിരിക്കും. അവിടെ നിന്ന് ഓരോ വാർഡിലെയും മെഷീനുകൾ കൗണ്ടിങ് ഹാളിലേക്ക് വോട്ടെണ്ണുന്നതിനായി കൊണ്ടു പോകും.വാർഡുകളുടെ ക്രമനമ്പർ പ്രകാരമായിരിക്കും വോട്ടിങ് മെഷീനുകൾ ഓരോ കൗണ്ടിംഗ് ടേബിളിലും വയ്ക്കുക. ഒരു വാർഡിലെ എല്ലാ പോളിങ് സ്റ്റേഷനുകളുടെയും മെഷീനുകൾ ഒരു ടേബിളിൽ തന്നെ ആയിരിക്കും എണ്ണുക. സ്ഥാനാർത്ഥിയുടെയോ സ്ഥാനാർത്ഥികൾ നിയോഗിക്കുന്ന കൗണ്ടിംഗ് ഏജന്റുമാരുടെയോ സാന്നിധ്യത്തിലാണ് ഓരോ ടേബളിലും വോട്ടെണ്ണുക. ടേബിളിൽ വയ്ക്കുന്ന കൺട്രോൾ യൂണിറ്റിൽ സീലുകൾ, സ്പെഷ്യൽ ടാഗ് എന്നിവ കൃത്യമായി ഉണ്ടെന്ന് സ്ഥാനാർഥികളുടെയോ കൗണ്ടിങ്, ഇലക്ഷൻ ഏജന്റുമാരുടെയോ സാന്നിധ്യത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷമായിരിക്കും വോട്ടെണ്ണൽ ആരംഭിക്കുക.

കൺട്രോൾ യൂണിറ്റിൽ നിന്നും ആദ്യം ഗ്രാമപഞ്ചായത്ത് സ്ഥാനാർത്ഥികളുടെ വോട്ടുനില ലഭിക്കും. തുടർന്ന്, ബ്ലോക്ക്പഞ്ചായത്ത് സ്ഥാനാർത്ഥികളുടെയും ജില്ലാപഞ്ചായത്ത് സ്ഥാനാർത്ഥികളുടെയും വോട്ടുവിവരം കിട്ടും. ഓരോ കൺട്രോൾ യൂണിറ്റിലെയും ഫലം അപ്പോൾ തന്നെ കൗണ്ടിങ് സൂപ്പർവൈസർ രേഖപ്പെടുത്തി വരണാധികാരിക്ക് നൽകും. ഒരു വാർഡിലെ പോസ്റ്റൽ ബാലറ്റുകളും എല്ലാ ബൂത്തുകളിലെ വോട്ടുകളും എണ്ണി തീരുന്ന മുറയ്ക്ക് അതത് തലത്തിലെ വരണാധികാരി ഫലപ്രഖ്യാപനം നടത്തും. ഓരോ ബൂത്തും എണ്ണി തീരുന്ന മുറയ്ക്ക് വോട്ടുനില TRENDൽ അപ് ലോഡ് ചെയ്യും. ലീഡ് നിലയും ഫലവും തത്സമയം അറിയാൻ കഴിയും. വരണാധികാരി അനുവദിക്കുന്ന വ്യക്തികളെ മാത്രമേ വോട്ടെണ്ണൽ കേന്ദ്രത്തിൽ പ്രവേശിപ്പിക്കുകയുള്ളൂ. കൗണ്ടിങ് ഉദ്യോഗസ്ഥർ, തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ, സ്ഥാനാർഥികൾ, ഇലക്ഷൻ ഏജന്റുമാർ, കൗണ്ടിംഗ് ഏജന്റുമാർ എന്നിവർക്കാണ് വോട്ടെണ്ണൽ കേന്ദ്രത്തിൽ പ്രവേശിക്കാൻ അനുവാദമുള്ളത്.

# തൃക്കാക്കര ഭാരത മാതാ കോളേജിൽ നോളജ് സമ്മിറ്റ് 15 ന്



**കൊച്ചി:** തൃക്കാക്കര ഭാരത മാതാ കോളേജിലെ പൂർവ വിദ്യാർത്ഥി സംഘടനയായ 'ബോസ' സംഘടിപ്പിക്കുന്ന 'ഭാരത നോളജ് സമ്മിറ്റ് 2025' ഡിസംബർ 15 ന് കോളേജ് ക്യാംപസിൽ നടക്കും. സമ്മിറ്റിന്റെ ലോഗോയും ബ്രോഷറും പ്രകാശനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. സൗമ്യ തോമസ്, അക്കാദമിക് കോ-ഓർഡിനേറ്റർ ഡോ. കെ.എം. ജോൺസൺ, പൂർവ അധ്യാപക പ്രതിനിധി പ്രൊഫസർ ഫ്രാൻസിസ് ജോസഫ് എടത്രക്കരി, ബോസ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ അഭിലാഷ് ഐ. ചാസ്, പ്രവീൺ മാധവൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. 'തിളക്കമാർന്ന ഭാവിക്കൊരു ബ്ലൂ പ്രിന്റ്' എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന സമ്മിറ്റിൽ 10 സെഷനുകളിലായി വ്യത്യസ്ത മേഖലകളിലുള്ള 45 പ്രമുഖർ പങ്കെടുക്കും. വ്യവസായ മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും.

തീമാറ്റിക് സെഷനുകളുടെ ഉദ്ഘാടനം കെ.എസ്.ഐ.ഡി.സി ചെയർമാൻ സി. ബാലഗോപാൽ നിർവഹിക്കും. 5 വേദികളിലായാണ് പരിപാടി നടക്കുക. ഓപ്പണിംഗ് സെഷനിൽ കെ-ഡിസ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ റോബിൻ ടോമി, മുൻ മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവ് ഡോ. എം.പി. സുകുമാരൻ നായർ, സൗത്ത് ഇന്ത്യൻ ബാങ്ക് മുൻ മാനേജിംഗ് ഡയറക്ടർ ഡോ. വി.എ ജോസഫ്, മനോരമ ന്യൂസ് സീനിയർ അസിസ്റ്റന്റ് എഡിറ്റർ എ. അയ്യപ്പദാസ് എന്നിവർ പങ്കെടുക്കും.'അതിർത്തികൾക്ക് അപ്പുറത്തെ അവസരങ്ങൾ' എന്ന പ്രമേയത്തിലുള്ള പാനൽ ചർച്ചയിൽ സാന്റാമോണിക്ക ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡെന്നി തോമസ് വട്ടക്കുന്നേൽ, ഐ.എസ്.ഇ എജ്യൂക്കേഷൻ മാനേജിംഗ് ഡയറക്ടർ മനു രാജഗോപാൽ, കെന്റ് കൺസൾട്ടിംഗ് ഡയറക്ടർ വിനീത പാനികുളം, ഗോഡ് സ്പീഡ് ഇമിഗ്രേഷൻ മാനേജിംഗ് ഡയറക്ടർ രേണു എ., ന്യൂസ് 18 സീനിയർ അസോസിയേറ്റ് എഡിറ്റർ ടോം കുര്യാക്കോസ് എന്നിവർ പങ്കെടുക്കും.'

21ാം നൂറ്റാണ്ടിന് ആവശ്യമായ സവിശേഷ വൈദഗ്ധ്യങ്ങൾ' ചർച്ച ചെയ്യുന്ന പാനലിൽ എസ്.ബി ഗ്ലോബൽ സി.എം.ഡി ആർ. ബാലചന്ദ്രൻ, സ്റ്റാൻഡേർഡ് ചാർട്ടേർഡ് ബാങ്ക് വൈസ് പ്രസിഡന്റ് ജോജോ ജേക്കബ് പഞ്ഞിക്കാരൻ, റിനൈ മെഡിസിറ്റി വൈസ് പ്രസിഡന്റ് സിജോ ജോസഫ്, കെ.എൽ.എം. ആക്സിവ ഫിൻവെസ്റ്റ് സി.ഇ.ഒ. മനോജ് രവി, പരിശീലകനും എഴുത്തുകാരനുമായ നിബു ജോൺ എന്നിവർ പങ്കെടുക്കും. 'എ.ഐയിൽ വരാനിരിക്കുന്ന വലിയ കാര്യങ്ങൾ' എന്ന വിഷയത്തിൽ ജി 10 എക്സ് എ.ഐ ആർക്കിടെക്ട് ടിന്റോ ജയിംസ്, സിട്രസ് ഇൻഫർമാറ്റിക്സ് ഫൗണ്ടർ സി.ഇ.ഒ സർജി ആർ. മൊഹമ്മദലി, സ്കോലികോ ഫൗണ്ടർ വിൻസെന്റ് തോമസ് വർഗീസ്, ആർ.സി.എം.എ.എസ്. അസിസ്റ്റന്റ് പ്രൊഫസർ ഡോ. നീനു കുര്യാക്കോസ്, എക്സ്ഗ്ണോമിക്സ് സ്പോർട്സ് ഫൗണ്ടർ ചാൾസ് രാജ് എന്നിവർ ആശയങ്ങൾ പങ്കുവെക്കും. ഭാവിയുടെ സിവിൽ സർവീസസും ഗവേണൻസുമാണ്' സമ്മിറ്റ് ചർച്ച ചെയ്യുന്ന മറ്റൊരു പ്രധാന വിഷയം.

കേന്ദ്ര അർബൻ ഡെവലപ്മെന്റ് മുൻ സെക്രട്ടറി ഡോ. എം. രാമചന്ദ്രൻ ഐ.എ.എസ്. (റിട്ട.), കസ്റ്റംസ് മുൻ കമ്മീഷണർ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. (റിട്ട.), മുൻ അഡീഷണൽ ചീഫ് സെക്രട്ടറി എം.പി. ജോസഫ്, 24 ന്യൂസ് അസോസിയേറ്റ് എക്സിക്യൂട്ടീവ് എഡിറ്റർ എസ്. വിജയകുമാർ എന്നിവർ പങ്കെടുക്കും. 'സംരംഭകത്വം വികസിപ്പിക്കാൻ സ്റ്റാർട്ടപ്പുകൾക്ക് ഒരു റോഡ് മാപ്പ്' എന്ന പ്രമേയത്തിലുള്ള പാനലിൽ സിന്തൈറ്റ് മാനേജിംഗ് ഡയറക്ടർ അജു ജേക്കബ്, ഡെന്റ് കെയർ ഫൗണ്ടർ ജോൺ കുര്യാക്കോസ്, ടൈ കേരള കോ-ഫൗണ്ടർ എസ്.ആർ. നായർ, പാക്കെയർ സീനിയർ ലിവിംഗ് സി.എം.ഡി. ബാബു ജോസഫ്, വാൾ മാക്സ് എം.ഡി സുശീൽ ആന്റണി എന്നിവർ പങ്കെടുക്കും.സമ്മിറ്റിലേക്കുള്ള പ്രവേശനം സൗജന്യമാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ www.bosa.co.in എന്ന വെബ് സൈറ്റിലൂടെ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. സമ്മിറ്റിന്റെ തുടർച്ച എന്ന നിലയിൽ വ്യവസായ ലോകവും, വിപണിയുമായി വിദ്യാർത്ഥികളെ ബന്ധിപ്പിക്കുന്ന 'ബ്രിഡ്ജ്' എന്ന പ്ലാറ്റ്ഫോമിനും രൂപം നൽകും.

# പരാതിരഹിത വോട്ടെണ്ണൽ ഉറപ്പാക്കണം



**കൊല്ലം:** തദ്ദേശതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഡിസംബർ 13ന് രാവിലെ എട്ടുമുതൽ ആരംഭിക്കുന്ന വോട്ടെണ്ണലിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗനിർദേശങ്ങൾ കർശനമായി നടപ്പാക്കണമെന്നും പരാതി രഹിത വോട്ടെണ്ണൽ ഉറപ്പാക്കണമെന്നും ജില്ല കലക്ടർ എൻ. ദേവിദാസ്. വോട്ടെണ്ണലിനായി നിയോഗിച്ച ഉദ്യോഗസ്ഥർക്കായി കലക്ടറേറ്റിൽ സംഘടിപ്പിച്ച പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യവേ വോട്ടെണ്ണൽ ദിനം ആദ്യം എണ്ണേണ്ടത് പോസ്റ്റൽ ബാലറ്റുകളാണെന്നും വ്യക്തമാക്കി.

ഫോം 16 ഇല്ലാത്തവ, അപൂർണമായ വിവരങ്ങൾ, സാക്ഷ്യപത്രങ്ങൾ കൃത്യമല്ലാത്ത പോസ്റ്റൽ ബാലറ്റുകൾ അസാധുവാകും. അതത് വരണാധികാരികളുടെ നേതൃത്വത്തിലാണ് വോട്ടെണ്ണൽ. വോട്ടെണ്ണൽ കേന്ദ്രങ്ങൾ കൃത്യസമയത്ത് രാഷ്ട്രീയ കക്ഷി പ്രതിനിധികളുടെ സാന്നിധ്യത്തിൽ തുറക്കണം. ഓരോ സ്ഥാനാർത്ഥിക്കും കിട്ടിയ വോട്ടുകളുടെ എണ്ണം ഫോം 24 ലെ രണ്ടാം ഭാഗത്തിൽ രേഖപ്പെടുത്തണം.

വോട്ടെണ്ണൽ സംബന്ധിച്ച തിരഞ്ഞെടുപ്പ് രേഖകൾ സീൽ ചെയ്ത് ആറു മാസം വരെ സൂക്ഷിക്കണം; വോട്ടിംഗ് മെഷീനോടൊപ്പമുള്ള ഡി.എം.എം (ഡിറ്റാച്ചബിൾ മെമ്മറി മൊഡ്യൂൾ) ട്രഷറിയിൽ സൂക്ഷിക്കും. തിരഞ്ഞെടുപ്പ് കമ്മീഷന്റെ ട്രെൻഡ് സോഫ്റ്റ് വെയറിൽ തത്സമയം വിവരങ്ങൾ രേഖപ്പെടുത്തണമെന്നും ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. എ.ഡി.എം.ജി നിർമൽ കുമാർ, ഇലക്ഷൻ ഡെപ്യൂട്ടി കലക്ടർ ബി. ജയശ്രീ, സൂപ്രണ്ട് രമേശ് മാധവൻ, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## വാഹനങ്ങൾ ലേലം ചെയ്യും

**കൊച്ചി:** കൊച്ചി സിറ്റി പോലീസ് യൂണിറ്റിലെ വിവിധ പോലീസ് സ്റ്റേഷനുകളുടെ പരിസരത്തും പരിധിയിലുമായി അവകാശികൾ ഇല്ലാതെ സൂക്ഷിച്ചു വരുന്ന 113 വാഹനങ്ങൾ, കേരള പോലീസ് ആക്ട് 2011 സെക്ഷൻ 56(4) പ്രകാരവും സർക്കാർ ഉത്തരവ് നമ്പർ 60/2018 /ആഭ്യന്തരം തീയതി 11-09-2018 പ്രകാരവും എം.എസ്. ടി. സി (ലി) എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ വെബ് സൈറ്റ് ആയ www.mstcecommerce.com മുഖേന ഡിസംബർ 22ന് രാവിലെ 11 മുതൽ ഉച്ചയ്ക്ക് ശേഷം 3.30 വരെ ഓൺലൈനായി ഇ-ലേലം നടത്തുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് പ്രസ്തുത വെബ് സൈറ്റിൽ എം.എസ്.ടി.സി (ലി)ന്റെ നിബന്ധനകൾക്ക് വിധേയമായി ബയർ ആയി പേര് രജിസ്റ്റർ ചെയ്ത് ലേലത്തിൽ പങ്കെടുക്കാം. ലേല തീയതിക്ക് തൊട്ടു മുമ്പുള്ള പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസറുടെ അനുമതിയോടുകൂടി വാഹനങ്ങൾ പരിശോധിക്കാം. പ്രത്യേക അറിയിപ്പ് കൂടാതെ ലേലം അസ്ഥിരപ്പെടുത്താനോ, ലേലം മാറ്റിവെക്കാനോ, പുനർലേലം ചെയ്യാനോ ഉള്ള അധികാരം ജില്ലാ പോലീസ് മേധാവിക്ക് ഉണ്ടായിരിക്കും. ലേലം സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിയുടെ തിരുമാനം അന്തിമമായിരിക്കും.

## മോണ്ടിസോറി ടീച്ചർ ട്രെയിനിംഗ് സൗജന്യ വർക്ക്ഷോപ്പ്

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ വനിതകൾക്കായി നടത്തി വരുന്ന ഡിപ്ലോമ ഇൻ മോണ്ടിസോറി ടീച്ചർ ട്രെയിനിംഗ് കോഴ്സിന്റെ സൗജന്യ ഓൺ ലൈൻ വർക്ക്ഷോപ്പ് ഡിസംബർ 13 ന് വൈകുന്നേരം ഏഴു മുതൽ എട്ടു വരെ നടത്തുന്നു. സൗജന്യ വർക്ക്ഷോപ്പിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യുക. വിശദ വിവരങ്ങൾക്ക് ഫോൺ : 9072592412, 9495642722

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** ജില്ലയിലെ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ഓഫീസിലെ ഡപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷ ന്റെ (എച്ച്.ക്യൂ)ഔദ്യോഗിക ആവശ്യങ്ങൾക്കായി കരാർ അടിസ്ഥാനത്തിൽ (കാർ ഡ്രൈവർ ഉൾപ്പെടെ) ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. മുദ്രവച്ച ഫോമിന്റെ മാതൃക ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ കാര്യാലയത്തിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി വാടക വ്യവസ്ഥയിൽ വാഹനം നൽകാൻ ആഗ്രഹിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ നിശ്ചിത ഫോറത്തിൽ തയാറാക്കി സീൽ ചെയ്ത ക്വട്ടേഷനുകൾ എറണാകുളം ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ കാര്യാലയത്തിൽ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9446114451.

## വനിതാ വികസന കോർപ്പറേഷൻ വിദ്യാഭ്യാസ വായ്പകൾ നൽകുന്നു

**കൊച്ചി:** സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലളിതമായ നടപടിക്രമത്തിലൂടെ അതിവേഗ വ്യക്തിഗത / ഗ്രൂപ്പ്/ വിദ്യാഭ്യാസ വായ്പകൾ നൽകുന്നു. വ്യക്തിഗത സ്വയം തൊഴിൽ വായ്പ പ്രായ പരിധി 18-55 , നാല്,എട്ട് ശതമാനം. തിരിച്ചടവ് കാലാവധി അഞ്ച് വർഷം. വിദ്യാഭ്യാസ വായ്പ പ്രായ പരിധി 16-32. മൂന്ന്, എട്ട് ശതമാനം. കോഴ്സ് കാലാവധി പ്ലസ് 5 വർഷം. മൈക്രോ ഫിനാൻസ് വായ്പ (സി.ഡി.എസ്) പ്രായ പരിധി 18 55 നാല്, ആറ് ശതമാനം. തിരിച്ചടവ് കാലാവധി 2.5 മൂന്ന് വർഷം. ഉദ്യോഗസ്ഥ ജാമ്യ വ്യവസ്ഥയിലാണ് വായ്പ നൽകുന്നത്. അപേക്ഷകൾ അക്ഷയ സെന്റർ/ഇന്റർനെറ്റ് സേവാ കേന്ദ്രം മുഖേന www.mithrasoft.kswdc.org വെബ്സൈറ്റിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം മേഖലാ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 9496015011/0484-2984932 ബന്ധപ്പെടുക:

## ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ പൊതുതെളിവെടുപ്പ് 23 ന്

**തിരുവനന്തപുരം:** കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ താരിഫ് നിർണയിക്കുന്നതിനുള്ള ചട്ടങ്ങളുടെ മൂന്നാം ഭേദഗതിക്കുള്ള കരടിന്മേൽ ഡിസംബർ 23 രാവിലെ 11 ന് ഓൺലൈനായി പൊതുതെളിവെടുപ്പ് നടത്തും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കമ്മീഷന്റെ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ലിങ്ക് (https://kserc.sbs/ph2025) മുഖേന ഡിസംബർ 20 വൈകിട്ട് അഞ്ച് നകം രജിസ്റ്റർ ചെയ്യണം. സമയം, ലിങ്ക് എന്നിവ രജിസ്ട്രേഷൻ ഫോമിൽ നൽകുന്ന ഇമെയിൽ / വാട്ട്സാപ്പ് മുഖേന അറിയിക്കും. കൂടുതൽ വിവരങ്ങൾക്ക്: www.erckerala.org, ഫോൺ: 0471- 2735544.

# ക്രിസ്മസ്, പുതുവത്സരാഘോഷം; ജാഗ്രതാ സംവിധാനം ശക്തമാക്കി എക്സൈസ്

**ആലപ്പുഴ:** ക്രിസ്മസ്, പുതുവത്സര ആഘോഷങ്ങളോടനുബന്ധിച്ച് അനധികൃത മദ്യക്കടത്ത്, മയക്കുമരുന്ന് ഇടപാടുകൾ എന്നിവ തടയുന്നതിന് ആലപ്പുഴ ജില്ലയിൽ എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കി.

ആലപ്പുഴ എക്സൈസ് ഡിവിഷൻ ഓഫീസിൽ ജില്ലാ കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൺട്രോൾ റൂം ജനുവരി അഞ്ച് വരെ തുടരും. വ്യാജമദ്യ നിർമാണം, വിപണനം, മദ്യക്കടത്ത്, മയക്കുമരുന്നിന്റെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച് വിവരം ലഭിക്കുന്നവർ എക്സൈസ് വകുപ്പിനെ ഫോൺ മുഖേന അറിയിക്കണം. ഇങ്ങനെ അറിയിക്കുന്നവരുടെ പേരുവിവരം രഹസ്യമായി സൂക്ഷിക്കുകയും ഇവർക്ക് പാരിതോഷികം നൽകുകയും ചെയ്യുമെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അറിയിച്ചു. ജില്ലാ ഓഫീസ് കൺട്രോൾ റൂം: 0477- 2252049,ടോൾ ഫ്രീ നമ്പർ ജില്ലാ കൺട്രോൾ റൂം: 18004252696, 155358 (ബി.എസ്.എൻ.എൽ), എക്സൈസ് എൻഫോസ്മെന്റ് ആൻഡ് ആന്റി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ്: 0477- 2251639, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ആലപ്പുഴ 9496002864, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ആലപ്പുഴ- 9447178056.

# 'ഇടം' പ്രദർശനത്തിൽ ടോം വട്ടക്കുഴിയുടെ സൃഷ്ടികളും



**കൊച്ചി :** കൊച്ചി മുസിരിസ് ബിനാലെയുടെ ഭാഗമായി നടക്കുന്ന 'ഇടം' പ്രദർശനത്തിൽ കൊച്ചി കേന്ദ്രീകരിച്ച് കലാപ്രവർത്തനം നടത്തുന്ന കലാകാരൻ ടോം വട്ടക്കുഴിയുടെ സൃഷ്ടികൾ അവതരിപ്പിക്കും. ഗാന്ധിയുടെ മരണം, ലെനിനും കർഷകനും, മൃദുവാംഗിയുടെ ദുർമൃത്യു (നാടകം), കാത്ത് കിടക്കുന്നു, സകലതിനും പൊരുൾ തുടങ്ങി നിരവധി കഥാചിത്രങ്ങൾ ഈ പ്രദർശനത്തിലുണ്ട്. കഴിഞ്ഞ ജൂലൈയിൽ ടോം വട്ടക്കുഴിയുടെ ഏകാംഗ പ്രദർശനം, 'ദി ഷാഡോസ് ഓഫ് അബ്സെൻസ്' (അസാന്നിധ്യത്തിന്റെ നിഴലുകൾ), കൊൽക്കത്തയിലെ ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കംപററി ഇന്ത്യൻ ആർട്ടിൽ അസ്താഗുരുവിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചിരുന്നു.

കേരളത്തിന്റെ ദൈനംദിന ലോകങ്ങളുടെ ഉള്ളുതൊടുന്ന തരത്തിൽ ആർദ്രതയോടും ആഴത്തോടും കൂടി ഗാർഹികത, ഓർമ്മ, മനുഷ്യ വികാരം എന്നിവയെക്കുറിച്ചുള്ള സ്മരണകളുണർത്തുന്ന അന്വേഷണം കൊണ്ടുതന്നെ ഈ പ്രദർശനം ഏറെ നിരൂപക പ്രശംസ നേടിയിരുന്നു. കഥാചിത്രങ്ങൾ എന്ന് താൻ പരാമർശിക്കുന്ന നിരവധി സൃഷ്ടികൾ, വാസ്തവത്തിൽ മലയാള ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കു വേണ്ടി ചെയ്ത ചിത്രീകരണങ്ങളാണെന്ന് ടോം വട്ടക്കുഴി പറഞ്ഞു. ഈ സൃഷ്ടികൾ ഓരോന്നും ഓരോ സ്വതന്ത്ര ചിത്രമായി നിലകൊള്ളുമ്പോൾത്തന്നെ, ആ ചിത്രങ്ങൾക്ക് പ്രചോദനമായ സാഹിത്യസൃഷ്ടിയോടൊപ്പം നോക്കുമ്പോൾ അവ പരസ്പരം സമ്പുഷ്ടമാക്കുന്ന ഒരു സംഭാഷണത്തിലേർപ്പെടുന്നത് നമുക്ക് കാണാനാവും.

ഒരു ചിത്രകാരൻ എന്ന നിലയിൽ എന്റെ ദൃശ്യ പദാവലി വികസിപ്പിക്കാനും പരിഷ്കരിക്കാനും ഇതെന്നെ ഏറെ സഹായിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ക്യൂബ് ആർട്ട് സ്പെയ്സസ്, അർമാൻ കളക്ടീവ് ആന്റ് കഫേ, മട്ടാഞ്ചേരിയിലെ ബസാർ റോഡിലുള്ള ഗാർഡൻ കൺവെൻഷൻ സെന്റർ എന്നിവിടങ്ങളിലാണ് 'ഇടം' പ്രദർശിപ്പിക്കുന്നത്.

## എസ്.ഐ.ആർ : എറണാകുളം ജില്ലയിൽ 98% ഡിജിറ്റൈസേഷൻ പൂർത്തിയായി

**കൊച്ചി:** തീവ്ര വോട്ടർപട്ടിക പരിഷ്കരണ (എസ്.ഐ.ആർ) നടപടികളുടെ പുരോഗതി ചർച്ച ചെയ്യാൻ ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ അധ്യക്ഷതയിൽ രാഷ്ട്രീയ പാർട്ടികളുടെ യോഗം ചേർന്നു.എസ്.ഐ.ആറിന്റെ ഭാഗമായുള്ള ഡിജിറ്റൈസേഷൻ ജില്ലയിൽ 98% ഓളം പൂർത്തിയായതായി ജില്ലാ കളക്ടർ അറിയിച്ചു. കോതമംഗലം, കുന്നത്തുനാട്, വൈപ്പിൻ എന്നീ മണ്ഡലങ്ങളിൽ എസ്.ഐ.ആർ ഡിജിറ്റൈസേഷൻ 99% നും മുകളിലാണ്.

തൃപ്പൂണിത്തുറ (96.7 %), എറണാകുളം (94.59%) , തൃക്കാക്കര (95.41%) എന്നീ മണ്ഡലങ്ങളിലൊഴികെ എല്ലാ മണ്ഡലങ്ങളിലും 98% ൽ അധികം ഡിജിറ്റൈസേഷൻ പൂർത്തിയായി. ഈ മണ്ഡലങ്ങളിലെ ഡിജിറ്റൈസേഷൻ വേഗത്തിലാക്കാൻ ബൂത്ത് ലെവൽ ഏജന്റുമാരുടെ (ബി.എൽ.എ) സഹായം ആവശ്യമാണ്.

അതിനുവേണ്ടി ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും ഡിസംബർ 15, 16 തീയതികളിൽ ബൂത്ത് ലെവൽ ഓഫീസർ (ബി.എൽ.ഒ) മാരുടേയും ബി.എൽ.എ മാരുടേയും യോഗം ചേരുമെന്നും ജില്ലാ കളക്ടർ അറിയിച്ചു.യോഗത്തിൽ സബ് കളക്ടർ ഗ്രന്ഥേ സായി കൃഷ്ണ, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ സുനിൽ മാത്യു മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## കേന്ദ്രീയ വിദ്യാലയം വജ്ര ജൂബിലി ആഘോഷം നാളെ

**കൊച്ചി:** എറണാകുളം, കടവന്ത്ര പി.എം ശ്രീ കേന്ദ്രീയ വിദ്യാലയത്തിന്റെ വജ്ര ജൂബിലി ആഘോഷം നാളെ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ വൈകുന്നേരം നാലിന് നടക്കുന്ന സമ്മേളനത്തിൽ കെ.വി.എസ് എറണാകുളം റീജ്യൺ ഡെപ്യൂട്ടി കമ്മീഷണർ എൻ. സന്തോഷ് കുമാർ അധ്യക്ഷത വഹിക്കും. വജ്ര ജൂബിലി സുവനിയർ ഗവർണർ ചടങ്ങിൽ പ്രകാശനം ചെയ്യും. ഹൈബി ഈഡൻ എം.പി, ടി. ജെ വിനോദ് എം.എൽ.എ, ജില്ലാ കളക്ടർ ജി. പ്രിയങ്ക, പ്രിൻസിപ്പാൾ വി.എസ് സുനിൽകുമാർ, അലുമിനി അസോസിയേഷൻ പ്രസിഡന്റ് പ്രീതി സദാശിവൻ എന്നിവരുടെ സാന്നിധ്യത്തിൽ പൂർവ്വ വിദ്യാർത്ഥികളായ ആർക്കിടെക്റ്റ് പ്രൊഫ. ബി. ആർ അജിത്, മേജർ ജനറൽ പി.എസ് രവീന്ദ്രനാഥ് , ഡോ. തോമസ് വിനു , പി. ബാബൂജി, സിന്ധു അഗസ്റ്റിൻ, ഡോ. സലിം യൂസഫ് (കാനഡ), റോയ് മാത്യുസ് (യു.എസ്.എ), ഡോ. ജോർജ് പോൾസൺ, മുൻ അധ്യാപകരായ പി.എസ്.ബി നായർ, രാമകൃഷ്ണൻ, നമ്പൂതിരിപ്പാട്, അനിത, കുര്യാക്കോസ്, അഗസ്റ്റിൻ എന്നിവരെ ചടങ്ങിൽ ആദരിക്കും.

## ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു

**തൊടുപുഴ:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള പി. ജി ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത ഡിഗ്രീ), പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത +2), ആറ് മാസം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത എസ്.എസ്.എൽ.സി.) തുടങ്ങിയ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. Online/Regular/part time ബാച്ചുകൾ, മികച്ച ഹോസ്പിറ്റലുകളിൽ ഇന്റേൺഷിപ്പ് ചെയ്യാൻ അവസരം. കോഴ്സ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് ലഭിക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് ഫോൺ: 7994449314

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2026 ജനുവരി സെഷനിൽ ആരംഭിക്കുന്ന ആറുമാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. https://appers.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാൻ കഴിയും. വിശദവിവരങ്ങൾ wwws.rccc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2025 ഡിസംബർ 31. ഫോൺ: 9656300978

## ആഴക്കടൽ ഉടമ്പടി: സി.എം.എഫ്.ആർ.ഐയിൽ ദേശീയ ശിൽപശാല നാളെ

**കൊച്ചി:** സമുദ്ര ജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യമിടുന്ന ആഴക്കടൽ ഉടമ്പടി സംബന്ധിച്ച ദേശീയ ശിൽപശാല നാളെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) നടക്കും. ബയോഡൈവേഴ്സിറ്റി ബിയോണ്ട് നാഷണൽ ജൂറിസ്ഡിക്ഷൻ (ബിബിഎൻജെ) ഉടമ്പടി ഇന്ത്യയിൽ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ ചർച്ച ചെയ്യുന്ന ശിൽപശാലയിൽ നയരൂപീകരണ വിദഗ്ധർ, സമുദ്രശാസ്ത്രജ്ഞർ, അന്താരാഷ്ട്ര പ്രതിനിധികൾ എന്നിവർ പങ്കെടുക്കും. രാവിലെ 9.30ന് ശിൽപ്പശാല ആരംഭിക്കും. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ശിൽപശാലയിൽ ബിബിഎൻജെ ഉടമ്പടിയുടെ വിവിധ തലങ്ങൾ ചർച്ച ചെയ്യും.

## 'ഉയരേ' ബ്രാന്റഡ് ഉൽപ്പന്നങ്ങളുടെ പ്രദർശനവിപണനം 15ന്

**തിരുവനന്തപുരം:** വനിതാ ശിശുവികസന വകുപ്പിന്റെ സ്റ്റേറ്റ് നിർഭയസെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന തേജോമയ ഹോമിലെ താമസക്കാർ കൈകൊണ്ട് നിർമ്മിച്ച 'ഉയരേ' ബ്രാൻഡ് ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും ഡിസംബർ 15ന് രാവിലെ 10.30 മുതൽ വൈകിട്ട് 5 വരെ പൂജപ്പുര വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ് കോമ്പൗണ്ടിൽ നടക്കും. അതിജീവനത്തിനൊരു കൈത്താങ്ങ് എന്ന നിലയിലാണ് വിപണന മേള സംഘടിപ്പിച്ചിട്ടുള്ളത്.

## ഐഎംഡിബി 2025 ജനപ്രിയ ഇന്ത്യൻ സിനിമ പട്ടികയിൽ ഇടം നേടി ലോക

**കൊച്ചി:** സിനിമ, ടിവി, സെലിബ്രിറ്റികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾക്കായുള്ള ലോകത്തിലെ ഏറ്റവും ജനപ്രിയമായ ഐഎംഡിബി 2025ലെ ഏറ്റവും ജനപ്രിയ ഇന്ത്യൻ സിനിമകളുടെയും വെബ് സീരീസുകളുടെയും പട്ടിക പ്രഖ്യാപിച്ചു. ഡൊമിനിക് അരുൺ സംവിധാനം ചെയ്ത ലോക: ചാപ്റ്റർ 1: ചന്ദ്ര ഏറ്റവും മികച്ച പത്താം ചിത്രമായി പട്ടികയിൽ ഇടം നേടി. പട്ടികയിലെ ഏക മലയാള സിനിമയും ഇതാണ്. ഈ സിനിമയിലെ മികച്ച പ്രകടനത്തിന് 2025 ലെ ഏറ്റവും ജനപ്രിയരായ 10 ഇന്ത്യൻ താരങ്ങളുടെ പട്ടികയിൽ കല്യാണി പ്രിയദർശൻ ഏഴാം സ്ഥാനം നേടിയിരുന്നു. സൈയാര ആണ് ഏറ്റവും മികച്ച ചിത്രം. ഏറ്റവും ജനപ്രിയമായ വെബ് സീരീസായി ആര്യൻ ഖാൻ സംവിധാനം ചെയ്ത ദി ബാഡ്സ് ഓഫ് ബോളിവുഡിനെ തിരഞ്ഞെടുത്തു.

മഹാവതാർ നരസിംഹ, ഛാവ, കാന്താര: എ ലെജൻഡ് ചാപ്റ്റർ 1, കൂലി, ഡ്രാഗൺ, സിതാരെ സമീൻ പർ, ദേവ, റെയ്ഡ് 2 എന്നിവയാണ് പട്ടികയിലെ യഥാക്രമം രണ്ട് മുതൽ ഒമ്പതാം സ്ഥാനം വരെയുള്ള സിനിമകൾ. ബ്ലാക്ക് വാറ്, പാതാൾ ലോക് സീസൺ, മണ്ഡല മർഡേഴ്സ്, ഖൗഫ്, സ്പെഷ്യൽ ഓപ്സ് സീസൺ, കാക്കി: ദി ബംഗാൾ ചാപ്റ്റർ, ദി ഫാമിലി മാൻ സീസൺ 3, ക്രിമിനൽ ജസ്റ്റിസ്: എ ഫാമിലി മാറ്റർ എന്നിവയാണ് മികച്ച ഇന്ത്യൻ വെബ് സീരീസുകൾ. 2025 ജനുവരി ഒന്നിനും നവംബർ 30നും ഇടയിൽ ഇന്ത്യയിൽ റിലീസ് ചെയ്യുകയും, ഐഎംഡിബി ഉപയോക്താക്കളുടെ ശരാശരി റേറ്റിംഗ് ആറോ അതിൽ കൂടുതലോ ഉള്ളതുമായ എല്ലാ സിനിമകളിൽ നിന്നും, ലോകമെമ്പാടുമുള്ള 250 ദശലക്ഷത്തിലധികം പ്രതിമാസ സന്ദർശകരുടെ പേജ് വ്യൂകളെ അടിസ്ഥാനമാക്കിയാണ് പട്ടിക പ്രഖ്യാപിച്ചതെന്ന് ഐ.എം.ഡി.ബി ഇന്ത്യ മേധാവി യാമിനി പട്ടോഡിയ പറഞ്ഞു.

## എച്ച്.ഡി.എഫ്.സി ടെക് ഇന്നൊവേറ്റേഴ്സ് 2025 സമാപിച്ചു

**കൊച്ചി :** എച്ച്.ഡി.എഫ്.സി. ഗ്രൂപ്പ് എച്ച്.ഡി.എഫ്.സി. ടെക് ഇന്നൊവേറ്റേഴ്സ് 2025ന്റെ നാലാം പതിപ്പ് സമാപിച്ചു. എച്ച്.ഡി.എഫ്.സി. ടെക് ഇന്നൊവേറ്റേഴ്സ് 2025 ഇന്ത്യയിലെ അതിവേഗം വളരുന്ന സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ പിന്തുണയ്ക്കുന്നതിനായി, എച്ച്.ഡി.എഫ്.സി. ബാങ്ക്, എച്ച്.ഡി.എഫ്.സി. ക്യാപിറ്റൽ, എച്ച്.ഡി.എഫ്.സി. എ.എം.സി എന്നിവ എച്ച്.ഡി.എഫ്.സി. ലൈഫ്, എച്ച്.ഡി.എഫ്.സി. എർഗോ, എച്ച്.ഡി.എഫ്.സി. സെക്യൂരിറ്റീസ്, എച്ച്.ഡി.ബി. ഫിനാൻഷ്യൽ സർവീസസ് എന്നീ മറ്റ് ഗ്രൂപ്പ് കമ്പനികളുടെ പിന്തുണയോടെയാണ് നാലാം പതിപ്പ് സംഘടിപ്പിച്ചത്. രാജ്യത്തെ 290ലധികം നഗരങ്ങളിൽ നിന്നുള്ള 1,600ലധികം സ്റ്റാർട്ടപ്പുകളിൽ നിന്നുള്ള അപേക്ഷകളാണ് ഈ പതിപ്പിൽ ലഭിച്ചത്.

### സിട്രോൺ ഇന്ത്യയും ഇൻഡസ്ഇൻഡ് ജനറൽ ഇൻഷൂറൻസും സഹകരിക്കുന്നു

**കൊച്ചി:** സിട്രോൺ ഇന്ത്യയുമായി ഇൻഡസ്ഇൻഡ് ജനറൽ ഇൻഷൂറൻസ് കമ്പനി (മുൻപ് റിലയൻസ് ജനറൽ ഇൻഷൂറൻസ് കമ്പനി) സഹകരിക്കും. നവീനമായ കവറേജ് തെരഞ്ഞെടുപ്പുകൾ ലളിതമായി ലഭ്യമാക്കുകയും ഡിജിറ്റൽ ഫസ്റ്റ് ക്ലെയിം പ്രക്രിയ അവതരിപ്പിക്കുകയും ചെയ്ത് വേഗതയും സുതാര്യതയും ഉറപ്പാക്കുന്നതായിരിക്കും ഈ സഹകരണമെന്ന് ബന്ധപ്പെട്ട് അധികൃതർ അറിയിച്ചു.നഷ്ടസാധ്യതകൾക്കെതിരെ വിപുലമായ പരിരക്ഷ, രാജ്യവ്യാപകമായുള്ള ശൃംഖലയിലൂടെയുള്ള വിപുലമായ ഇൻഷൂറൻസും ക്ലെയിം പിന്തുണയും, ഡിജിറ്റൽ സൗകര്യങ്ങൾ, സിട്രോണിൻറെ ഉപഭോക്തൃ സേവന സംവിധാനവുമായി ചേർന്നു നിൽക്കുന്ന സംയോജനം തുടങ്ങിയവയെല്ലാം ഇതിലൂടെ ലഭ്യമാകും.

## സഹകരണം പ്രഖ്യാപിച്ച് മാരുതി സുസുക്കി ഇന്ത്യ

**കൊച്ചി :** മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡ് 13 ചാർജ് പോയിന്റ് ഓപ്പറേറ്റർമാരുമായും അഗ്രഗേറ്റർമാരുമായും സഹകരണ കരാറുകളിൽ ഒപ്പുവെച്ചതായി പ്രഖ്യാപിച്ചു. മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും സിഇഒ യുമായ ഹിസാഷി ടകേച്ചിയും മാർക്കറ്റിംഗ് ആന്റ് സെയിൽസ് സീനിയർ എക്സിക്യൂട്ടീവ് ഓഫീസർ പാർത്ഥോ ബാനർജിയും ചടങ്ങിൽ പങ്കെടുത്തു. മാരുതി സുസുക്കിയുടെ 'ഇ ഫോർ മി' ഇവി ചാർജ്ജിംഗ് മൊബൈൽ ആപ്പ്, പാർട്ണർ ഓപ്പറേറ്റഡ് ചാർജിംഗ് പോയിന്റുകളിൽ നിന്നും മാരുതി സുസുക്കിയുടെ സ്വന്തം ഇവി ചാർജ്ജിംഗ് നെറ്റ്വർക്കിൽ നിന്നും ഇവി ചാർജിംഗ് പോയിന്റുകളുടെ പൂർണ്ണമായ ഉപയോഗം ഒരൊറ്റ പ്ലാറ്റ്ഫോമിൽ സാധ്യമാക്കുന്നു, ഇത് യുപിഐ അല്ലെങ്കിൽ റേസർപേ നൽകുന്ന എക്സ്ക്ലൂസീവ് 'മാരുതി സുസുക്കി മണി' വഴി ഇവി ചാർജ്ജിംഗിനും പേയ്മെന്റിന് ഏകീകൃത ഉപഭോക്തൃ പ്രയാണം വാഗ്ദാനം ചെയ്യുന്നു. ഈ പ്ലാറ്റ്ഫോമിലുള്ള മറ്റനേകം സവിശേഷതകൾക്കൊപ്പം, ബുക്ക് ചെയ്യുന്ന സമയം മുതൽ, വാഹന ഹോം ചാർജ്ജർ സജ്ജീകരിക്കുന്നതിനും ഒപ്റ്റിമൽ ഉപയോഗം ഉറപ്പാക്കുന്നതിനും പൊതു ചാർജ്ജിംഗ് പോയിന്റുകൾ കണ്ടെത്തുന്നതിനും അവ ഉപയോഗിക്കുന്നതിനുമുള്ള ഒരൊറ്റ പ്ലാറ്റ്ഫോമായി 'ഇ ഫോർ മി' ആപ്പ് പ്രവർത്തിക്കും.

# 120 കോടി രൂപയുടെ നിക്ഷേപവുമായി ആസ്റ്റർ ഡി.എം. ഹെൽത്ത്കെയർ

**കൊച്ചി:** സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കാൻസർ രോഗികൾക്കായി 120 കോടി രൂപയുടെ സുപ്രധാന പദ്ധതിയുമായി ഇന്ത്യയിലെ മുൻനിര ആരോഗ്യ സേവന ദാതാക്കളായ ആസ്റ്റർ ഡി.എം. ഹെൽത്ത് കെയർ. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ രാജ്യത്തുടനീളം 5 അത്യാധുനിക ഓങ്കോളജി റേഡിയേഷൻ ലിനാക് സെന്ററുകൾ സ്ഥാപിക്കും.ഗുഡലൂർ, ഗുഡൽപേട്ട് തുടങ്ങിയ സമീപ പ്രദേശങ്ങൾ ഉൾപ്പെടെ വിശാല മലബാർ മേഖലയെ ലക്ഷ്യം വച്ചു കൊണ്ട് ആദ്യത്തെ കേന്ദ്രം വയനാട്ടിൽ സ്ഥാപിക്കുന്നത്. രണ്ടാമത്തെ സെന്റർ ബംഗളൂരുവിൽ തുടങ്ങാനാണ് പദ്ധതി.

അടുത്ത മൂന്നു വർഷം കൊണ്ട് റേഡിയേഷൻ സെന്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ആവശ്യകതയും ക്ലിനിക്കൽ സാധ്യതയും അടിസ്ഥാനമാക്കി പിന്നീട് പ്രഖ്യാപിക്കും. ക്യാൻസർ ചികിത്സാചെലവുകൾ താങ്ങാൻ കഴിയാത്തവർക്കും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ചികിത്സ മുടങ്ങിപ്പോയവർക്കും ഉന്നത നിലവാരമുള്ള റേഡിയേഷൻ തെറാപ്പി സൗജന്യമായും കുറഞ്ഞ നിരക്കിലും ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.ഇന്ത്യയിൽ പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കുൾപ്പെടെ, നൂതന കാൻസർ ചികിത്സ എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള ആസ്റ്ററിന്റെ പ്രതിബദ്ധതയാണ് ഈ സംരംഭമെന്ന് ആസ്റ്റർ ഡി.എം. ഹെൽത്ത് കെയർ സ്ഥാപകനും ചെയർമാനുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. അത്യാധുനിക ഓങ്കോളജി റേഡിയേഷൻ ലിനാക് സെന്ററുകൾ സ്ഥാപിക്കുന്നതിലൂടെ, ചികിത്സാ രംഗത്തെ പ്രധാന വിടവുകൾ നികത്താൻ കഴിയുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം പറഞ്ഞു. ജീവൻരക്ഷാ ഉപാധികൾ സമയബന്ധിതമായി രോഗികളുടെ അടുത്തെത്തിക്കാനും ഞങ്ങൾ ശ്രമിക്കുകയാണ്. അന്തസ്സോടും ആത്മവിശ്വാസത്തോടും പ്രതീക്ഷയോടും കൂടി കാൻസറിനെതിരെ പോരാടാനുള്ള അവസരം ആർക്കും നിഷേധിക്കപ്പെടരുത് എന്നതാണ് ഞങ്ങളുടെ ഏറ്റവും വലിയ ദൗത്യമെന്നും ഡോ. ആസാദ് മൂപ്പൻ കൂട്ടിച്ചേർത്തു.

ലീനിയർ ആക്സിലറേറ്ററുകളും അനുബന്ധ സൗകര്യങ്ങളുമുൾപ്പെടെ പൂർണ്ണ സജ്ജീകരണങ്ങളോടുകൂടിയ ആധുനിക റേഡിയേഷൻ തെറാപ്പി സെന്ററുകളാണ് പദ്ധതിയുടെ ഭാഗമായി നിലവിൽ വരുന്നത്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും കുറഞ്ഞ വരുമാനമുള്ള രോഗികൾക്കും ചികിത്സ പൂർണ്ണമായും സൗജന്യമായോ അല്ലെങ്കിൽ വളരെ കുറഞ്ഞ നിരക്കിലോ നൽകും. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ചികിത്സ നിർത്തിയ രോഗികൾക്ക് മുൻഗണന നൽകും. ആസ്റ്റർ ഡി.എം.

ഹെൽത്ത്കെയറിന്റെ ആഗോള സി.എസ്.ആർ. വിഭാഗമായ 'ആസ്റ്റർ വോളന്റിയേഴ്സിന്റെ ഭാഗമായിരിക്കും ഈ സെന്ററുകൾ. സമൂഹത്തിന്റെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിലും സാമൂഹികസാമ്പത്തിക വികസനത്തിലും ഈ പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കും. ഇന്ത്യയിൽ കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പലപ്പോഴും രോഗികൾക്ക് ചികിത്സ പാതിവഴിയിൽ നിർത്തേണ്ടി വരുന്നതും കണക്കിലെടുക്കുമ്പോൾ ആസ്റ്റർ ഡി.എം. ഹെൽത്ത്കെയറിന്റെ ഈ സംരംഭം വളരെ പ്രധാനമാണെന്നാണ് വിലയിരുത്തൽ. സാമ്പത്തിക തടസ്സങ്ങൾ കാരണം കുറഞ്ഞ വരുമാനമുള്ളവർക്ക് അത്യാവശ്യമായ റേഡിയേഷൻ തെറാപ്പി ഒഴിവാക്കേണ്ടി വരുന്നില്ലെന്ന് ഉറപ്പാക്കാനാണ് ഈ ശ്രമം.

# ശൈത്യകാല ഓഫറുകളുമായി ശ്രീലങ്കൻ എയർലൈൻസ്

**കൊച്ചി:** ഇന്ത്യൻ സഞ്ചാരികൾക്കായി ശൈത്യകാല ഓഫറുകളൊരുക്കി ശ്രീലങ്കൻ എയർലൈൻസ്. കൊളംബോ, ഗാലെ, നെഗോംബോ മുതൽ മിരിസ, വെലിഗമ വരെയുള്ള പ്രശസ്തമായ തീരദേശ ഹോട്ട്സ്പോട്ടുകളും സിഗിരിയ റോക്ക് ഫോർട്ട്, ദംബുള്ള, പൊളന്നരുവ, അനുരാധപുര എന്നിവയുൾപ്പെടെ സാംസ്കാരിക കേന്ദ്രങ്ങളും സന്ദർശിക്കാൻ ഓഫറുകൾ സഹായിക്കുമെന്ന് ശ്രീലങ്കൻ എയർലൈൻസ് അറിയിച്ചു. ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റർമാർ, അവശ്യ യാത്രാ സേവനങ്ങൾ എന്നിവയുമായി ചേർന്നാണ് ശ്രീലങ്കൻ എയർലൈൻസ് ശൈത്യകാല ഓഫറുകളൊരുക്കിയിരിക്കുന്നത്.




നിലവിൽ ചെന്നൈ, മുംബൈ, ഡൽഹി, ഹൈദരാബാദ്, ബെംഗളൂരു, കൊച്ചി, തിരുവനന്തപുരം, മധുര, തിരുച്ചിറപ്പള്ളി എന്നീ ഒമ്പത് ഇന്ത്യൻ നഗരങ്ങളിൽ നിന്ന് എയർലൈൻ പതിവായി സർവീസ് നടത്തുന്നതായി ശ്രീലങ്കൻ എയർലൈൻസ് അറിയിച്ചു. ഇതിന്റെ ഭാഗമായി 2025 ജനുവരി മുതൽ ഡിസംബർ ആദ്യ ആഴ്ച വരെ ഏകദേശം 500,000 സന്ദർശകർ ഇന്ത്യയിൽ നിന്ന് എത്തിയതായും എയർലൈൻസ് അറിയിച്ചു.

ഡിസംബർ, ജനുവരി മാസങ്ങളാണ് ശ്രീലങ്ക സന്ദർശിക്കാൻ ഏറ്റവും അനുയോജ്യമായ സമയമെന്നും ബീച്ച് അവധിക്കാലം ആഘോഷിക്കാനും സാംസ്കാരിക കേന്ദ്രങ്ങൾ പര്യവേക്ഷണം ചെയ്യാനും അനുയോജ്യമായ കാലാവസ്ഥ ഈ സമയത്താണെന്നും ശ്രീലങ്കൻ എയർലൈൻസിന്റെ കൊമേഴ്സ്യൽ മേധാവി ദിമുതു ടെന്നക്കൂൺ പറഞ്ഞു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി

wwws.rilankan.com സന്ദർശിക്കുകയോ അടുത്തുള്ള ട്രാവൽ ഏജന്റുമായി ബന്ധപ്പെടുകയോ ചെയ്യാമെന്ന് ശ്രീലങ്കൻ എയർലൈൻസ് അറിയിച്ചു.

# തദ്ദേശ തെരഞ്ഞെടുപ്പ് 2025: സിവിൽ സ്റ്റേഷനുകൾക്ക് ലീസ് കണക്ഷൻ നൽകി കെഫോൺ

**വയനാട് :** തദ്ദേശ തെരഞ്ഞെടുപ്പ് 2025നോടനുബന്ധിച്ച് വയനാട്, ഇടുക്കി, കാസർഗോഡ് ജില്ലകളിലെ സിവിൽ സ്റ്റേഷനുകൾക്ക് കെൽട്രോൺ മുഖേന താൽക്കാലിക ലീസ് കണക്ഷൻ നൽകി കെഫോൺ. ജില്ലകളിലെ സിവിൽ സ്റ്റേഷനുകളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭിക്കുന്നതിലൂടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്താനും, മോണിറ്ററിംഗ് റൂമുകളിൽ വിവരങ്ങൾ തത്സമയം, കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ കൈമാറാനും സാധ്യമായി.

കെഫോൺ നൽകുന്ന ഈ കണക്ഷൻ തെരഞ്ഞെടുപ്പ് അനുബന്ധ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും സഹായകരമാണ്. ഭരണ സ്ഥാപനങ്ങൾക്ക് വിശ്വസനീയമായ ഡിജിറ്റൽ സൗകര്യം നൽകുന്നതിൽ കെഫോൺ പ്രതിജ്ഞാബദ്ധമാണെന്ന് കെഫോൺ എം.ഡി ഡോ. സന്തോഷ് ബാബു ഐ.എ.എസ് (റിട്ട.) പറഞ്ഞു.

സിവിൽ സ്റ്റേഷനുകളിൽ പ്രത്യേക കണക്ഷൻ നൽകുന്നതിലൂടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്തുകയും അഡ്മിനിസ്ട്രേറ്റീവ് കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുകയാണ് ലക്ഷ്യം.ഫലപ്രഖ്യാപന ദിനം വരെ ബന്ധപ്പെട്ട ജില്ലകളിൽ കെഫോൺ കണക്ഷൻ നൽകുമെന്നും അദ്ദേഹം പറഞ്ഞു

# കൊച്ചി മുസിരിസ് ബിനാലെ: ആറാം ലക്കത്തിന് ഇന്ന് തുടക്കം

**കൊച്ചി:** ഇന്ത്യയിലെ ആദ്യത്തെയും ദക്ഷിണേഷ്യയിലെ ഏറ്റവും വലുതുമായ സമകാലിക കലാമേളയായ കൊച്ചി മുസിരിസ് ബിനാലെയുടെ ആറാം ലക്കത്തിന് ഇന്ന് തുടക്കമാകും. വൈകിട്ട് 5.30 ന് ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് ബിനാലെയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കുന്നതെന്ന് കെബിഎഫ് ചെയർപേഴ്സൺ ഡോ.വി. വേണു, കെ.എം.ബി പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി, കെ.ബി.എഫ് ട്രസ്റ്റ് അംഗങ്ങളായ ബോണി തോമസ്, മറിയം റാം എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നിഖിൽ ചോപ്രയും എച്ച്.എച്ച് ആർട്ട് സ്പേസസും ചേർന്ന് ക്യുറേറ്റ് ചെയ്യുന്ന ഈ രാജ്യാന്തര പ്രദർശനത്തിൽ 25ലധികം രാജ്യങ്ങളിൽ നിന്നുള്ള 66 ആർട്ടിസ്റ്റ് പ്രോജക്റ്റുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഡിസംബർ പന്ത്രണ്ടിന് ആരംഭിക്കുന്ന പ്രദർശനങ്ങൾ 110 ദിവസത്തിനു ശേഷം മാർച്ച് 31 ന് സമാപിക്കും.കൊച്ചി ബിനാലെയുടെ പ്രോഗ്രാംസ് ഡയറക്ടർ മാരിയോ ഡിസൂസയുടെ നേതൃത്വത്തിലുള്ള പ്രദർശനങ്ങളും പരിപാടികളും കൊച്ചിയുടെ സവിശേഷ ഭൗമ സാംസ്ക്കാരിക പാരമ്പര്യത്തെ മുൻ നിറുത്തിയുള്ള വൈവിദ്ധ്യമാർന്ന ചർച്ചകൾക്ക് വേദിയാകും.

ഏകീകൃത സ്വഭാവത്തിൽ നിന്ന് പുറത്ത് കടന്ന് ജീവനുള്ള ആവാസവ്യവസ്ഥയായി സമൂഹത്തിൽ ഇഴുകിച്ചേരുന്ന രീതിയിലാണ് ആറാം ലക്കം വിഭാവനം ചെയ്തിരിക്കുന്നത്. സൗഹൃദ സമ്പദ് വ്യവസ്ഥയെ പ്രദർശനത്തിന്റെ നെടുംതൂണായി സ്ഥാപിക്കുന്നു. വിപണി അധിഷ്ഠിതമായ ചട്ടക്കൂടുകൾക്ക് പുറത്തുള്ള കലാപരമായ ആവാസവ്യവസ്ഥയ്ക്കും കൂട്ടായ പഠനത്തിനുമാണ് ഈ പതിപ്പ് ഊന്നൽ നൽകുന്നത്. കാഴ്ചയുടെ ഘടകം, ഇടം, സമയം, വിഭവങ്ങൾ എന്നിവ പങ്കിടുകയും പരസ്പരം സംഭാഷണങ്ങളിലൂടെ വളരുകയും ചെയ്യുന്ന ഒന്നായി കൊച്ചി മുസിരിസ് ബിനാലെ ആറാം ലക്കം പരിണമിക്കും. പ്രകടനകല, ചിത്രരചന, ഫോട്ടോഗ്രഫി, ശിൽപകല, പ്രതിഷ്ഠാപാന കല എന്നിവയിലെല്ലാം പ്രവർത്തിക്കുന്ന രാജ്യാന്തര പ്രശസ്തനായ കലാകാരനാണ് ക്യൂറേറ്റർ നിഖിൽ ചോപ്ര. 2014 ൽ അദ്ദേഹം കൂടി ഉൾപ്പെട്ട സംഘമാണ് ഗോവയിലെ എച് .എച് ആർട്ട് സ്പേസിന് രൂപം നൽകിയത്.

ഉദ്ഘാടന ചടങ്ങിനെ തുടർന്ന് നേഹ നായർ, രശ്മി സതീഷ്, ഷഹബാസ് അമൻ എന്നിവർ നയിക്കുന്ന ശങ്കട്രൈബിന്റെ സംഗീതപരിപാടി അരങ്ങേറും. അന്നേദിവസം ഉച്ചയ്ക്ക് 12ന് ആസ്പിൻവാൾ ഹൗസിൽ മാർഗി രഹിത കൃഷ്ണദാസിന്റെ തായമ്പകയോടെ ബിനാലെ പതാക ഉയർത്തും. മോണിക്ക ഡി മിറാൻഡ, സറീന മുഹമ്മദ് എന്നിവരുടെ അവതരണങ്ങളും ഉദ്ഘാടന ദിവസത്തെ ആകർഷണങ്ങളാണ്. ഉദ്ഘാടന വാരത്തിൽ വിവിധ വേദികളിലായി മെഹ്ഫിൽഇസമ, ദ എഫ്16സ്, നാഞ്ചിയമ്മ ആൻഡ് ടീം എന്നിവരുടെ പരിപാടികൾ നടക്കും. യുവ കേരള ചവിട്ടുനാടക കലാസമിതി അവതരിപ്പിക്കുന്ന ചവിട്ടുനാടകവും മെഹബൂബ് മെമ്മോറിയൽ ഓർക്കസ്ട്രയുടെ ഗാനമേളയും കരിന്തലക്കൂട്ടത്തിന്റെ വട്ടമുടിക്കോലം, തിര, കരിങ്കാളി കോലം തുടങ്ങിയവ ഉൾപ്പെട്ട നാടൻ കലാവിരുന്നും ഉണ്ടായിരിക്കും. ഇൻവിറ്റേഷൻസ്, സ്റ്റുഡന്റ്സ് ബിനാലെ, ആർട്ട് ബൈ ചിൽഡ്രൻ, ഇടം തുടങ്ങിയ വിഭാഗങ്ങൾ ഡിസംബർ 13ന് ആരംഭിച്ച് 2026 മാർച്ച് 31 വരെ നീണ്ടുനിൽക്കും.

ഇത്തവണ വില്ലിംഗ്ടൺ ഐലൻഡിലെ ഐലൻഡ് വെയർഹൗസിലേക്കും ബിനാലെ വേദികൾ വ്യാപിപ്പിച്ചിട്ടുണ്ട്. വാട്ടർ മെട്രോ, ഫെറി, റോഡ് മാർഗങ്ങളിൽ ഇവിടെ എത്തിച്ചേരാം. വേദികൾ വർധിച്ചതിനാൽ ബിനാലെ പൂർണ്ണമായി കണ്ടുതീർക്കാൻ സന്ദർശകർക്ക് കുറഞ്ഞത് മൂന്ന് ദിവസമെങ്കിലും വേണ്ടിവരുമെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ (കെ.ബി.എഫ്) ചെയർപേഴ്സൺ ഡോ. വി .വേണു പറഞ്ഞു. സാമ്പത്തിക പ്രതിസന്ധികൾ പരിഹരിച്ച്, മികച്ച സംഘാടനത്തോടെയാണ് ഇത്തവണ ബിനാലെ ഒരുക്കിയിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രാദേശിക സമൂഹവും ചരിത്രവുമായി ആശയവിനിമയം നടത്തി പൊതുഇടങ്ങളിലേക്ക് കലയെയും ആശയങ്ങളെയും എത്തിക്കുന്ന ഐലന്റ് മ്യൂറൽ പ്രൊജക്ടിനും ഇക്കുറി കെ.ബി.എഫ് ആതിഥേയത്വം വഹിക്കുന്നുണ്ട്. ഉദ്ഘാടന വാരത്തിൽ നിരവധി പ്രകടനകലകൾ, സംവാദം, പ്രഭാഷണങ്ങൾ, സംഗീത നിശകൾ തുടങ്ങിയ പ്രധാന വേദികളിലും ബിനാലെ അനുബന്ധ വേദികളും നടക്കും.

# കൊടക് മഹീന്ദ്ര ടാറ്റ ആസ്ട്രക്കുമായി കൈകോർക്കുന്നു

**കൊച്ചി:** കാൻസർ ചികിത്സ കൂടുതൽ എളുപ്പത്തിൽ എല്ലാവർക്കും ലഭ്യമാക്കുന്നതിനായി, കൊടക് മഹീന്ദ്ര പ്രൈം ലിമിറ്റഡ് (കെ.എം.പി.എൽ), ടാറ്റ മെമ്മോറിയൽ സെന്ററിന്റെ ഭാഗമായ അഡ്വാൻസ്ഡ് സെന്റർ ഫോർ ട്രീറ്റ്മെന്റ്, റീസർച്ച് ആൻഡ് എഡ്യുക്കേഷൻ ഇൻ കാൻസർ (ആസ്ട്രക്ക്)നൊപ്പം സഹകരിക്കുന്നു. ഇരുവരും ചേർന്ന് നവിമുംബൈയിലെ ഖാർഘറിൽ സ്ഥിതിചെയ്യുന്ന പ്രോട്ടോൺ തെറാപ്പി സെന്ററിൽ എസ്.ഡി.എക്സ് വൊളന്ററി ബ്രെത്ത് ഹോൾഡ് സിസ്റ്റം സ്ഥാപിച്ചു. കെ.എം.പി.എൽ പ്രസിഡന്റും മുഴുവൻ സമയ ഡയറക്ടറുമായ സുരാജ് രാജപ്പൻ, ബിസിനസ് ഹെഡ് എസ്. മുരളീധരൻ എന്നിവർ ചേർന്ന് സിസ്റ്റം ഉദ്ഘടനം ചെയ്തു.

ഈ അത്യാധുനിക സാങ്കേതികവിദ്യ, ചികിത്സയ്ക്കിടെ രോഗികളെ ശ്വാസം പിടിക്കാൻ സഹായിക്കുന്നതിനാൽ ഉയർന്ന കൃത്യതയോടെ റേഡിയേഷൻ നൽകാൻ ഡോക്ടർമാരെ സഹായിക്കും. പ്രത്യേകിച്ച് ശ്വസനപ്രക്രിയ കാരണം സ്ഥാനം മാറാൻ സാധ്യതയുള്ള ശ്വാസകോശം, കരൾ, പാൻക്രിയാസ്, സ്തനം എന്നിവയിലെ കാൻസറുകളുടെ ചികിത്സയിൽ ഇതിന് വലിയ പ്രാധാന്യമുണ്ട്. എസ്.ഡി.എക്സ് സിസ്റ്റം റേഡിയേഷൻ കൃത്യമായി ട്യൂമറിലേക്ക് മാത്രം എത്തിക്കപ്പെടുന്നതും ആരോഗ്യകരമായ അവയവങ്ങൾ സംരക്ഷിക്കപ്പെടുന്നതും ഉറപ്പാക്കുന്നു.

പ്രോട്ടോൺ തെറാപ്പി ലോകത്തിലെ ഏറ്റവും മുന്നിലുള്ള കാൻസർ ചികിത്സാ രീതികളിലൊന്നാണ്. ഏറ്റവും നൂതനമായ കാൻസർ ചികിത്സകൾ പോലും ഏറ്റവും ആവശ്യമുള്ളവർക്ക് പ്രാപ്യമാണെന്ന് ഈ പങ്കാളിത്തം ഉറപ്പാക്കുന്നു. ആസ്ട്രക്കിന്റെ പ്രോട്ടോൺ തെറാപ്പി സജ്ജീകരണവുമായി പൊരുത്തപ്പെടുന്ന ഒരേയൊരു സാങ്കേതികവിദ്യയാണ് എസ്.ഡി.എക്സ് വോളന്ററി ബ്രെത്ത് ഹോൾഡ് സിസ്റ്റമെന്നും ഇത് ചലന സെൻസിറ്റീവ് കാൻസറുകളെ സുരക്ഷിതമായും ഫലപ്രദമായും ചികിത്സിക്കുന്നതിന് അത്യന്താപേക്ഷിതമാക്കുന്നുവെന്നും ഈ സാമൂഹിക പ്രതിബദ്ധത യാഥാർഥ്യമാക്കിയ കെ.എം.പി.എല്ലിന് ഹൃദയം നിറഞ്ഞ നന്ദിയുന്നെും ഭാവിയിൽ കൂടുതൽ അവസരങ്ങൾ തേടി ഞങ്ങൾ ഒരുമിച്ച് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നുവെന്നും ആസ്ട്രക്ക് ഡയറക്ടർ ഡോ. പങ്കജ് ചതുർവേദി പറഞ്ഞു.

ടാറ്റ മെമ്മോറിയൽ സെന്ററുമായുള്ള സഹകരണത്തിലൂടെ, ആഗോളതലത്തിലുള്ള കാൻസർ പരിചരണം എല്ലാ രോഗികൾക്കും നൽകുന്നതിൽ അവരുടെ ആസ്ട്രാക്കിനെ പിന്തുണയ്ക്കുന്നതിൽ തങ്ങൾ അഭിമാനിക്കുന്നുവെന്ന് കെ.എം.പി.എൽ മാനേജിംഗ് ഡയറക്ടറും സി.ഇഒയുമായ ഷാറുഖ് തോദിവാല പറഞ്ഞു.

## ജെയിംസ് കെ.സി. മണിമല സാഹിത്യ അവാർഡ് ബ്രിട്ടോ വിൻസെന്റിന്



**കൊച്ചി:** ജെയിം സ്കെ.സി. മണിമല സ്മാരക സാഹിത്യ അവാർഡ് ചവിട്ടു നാടക രചയിതാവ് ബ്രിട്ടോ വിൻസെന്റിന്.11,111 രൂപയും ഫലകവുമടങ്ങുന്ന അവാർഡ് ഡിസംബർ 16 ന് വൈകുന്നേരം 5.30ന് പാലാരിവട്ടം പിഒ സിയിൽ നടക്കുന്ന ചടങ്ങിൽ കെ.സി.ബി.സി മീഡിയ കമ്മീഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി നൽകുമെന്ന് മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ.സെബാസ്റ്റിൻ മിൽട്ടൺ അറിയിച്ചു.

നിരവധി ചവിട്ടു നാടകങ്ങൾ രചിച്ച ബ്രിട്ടോ വിൻസെന്റ് തന്റെ രചനകളിലൂടെ ചവിട്ടു നാടക കലയ്ക്ക് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് അവാർഡ് നൽകുന്നത്.കെ.സി.ബി.സി മീഡിയ കമ്മീഷൻ ജെയിംസ് കെ.സി. മണിമലയുടെ കുടുംബാംഗങ്ങളുമായി സഹകരിച്ചാണ് അവാർഡ് ഏർപ്പെടുത്തിയത്.

## പണയരഹിത വായ്പകളുടെ ആവശ്യകത വർധിച്ചതായി എക്സ്പീരിയൻ റിപ്പോർട്ട്

**കൊച്ചി:** രാജ്യത്ത് പണയരഹിത വായ്പകളുടെ ആവശ്യകത വർധിച്ചതായി മുൻനിര ഡാറ്റാ അനലിറ്റിക്സ് ആൻഡ് ഡിസിഷനിംഗ് കമ്പനികളിൽ ഒന്നായ എക്സ്പീരിയൻ. കമ്പനിയുടെ ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം പണയരഹിത വായ്പാ രംഗം മെച്ചപ്പെട്ട പ്രകടനമാണ് മുൻവർഷത്തെ അപേക്ഷിച്ച് കാഴ്ച്ചവയ്ക്കുന്നത്. പണയരഹിത വായ്പകളിൽ ഉപഭോക്താക്കൾ ആദ്യ തിരിച്ചടവുകൾ മുടക്കുന്ന പ്രവണതയും കുറഞ്ഞു വരുന്നതായി റിപ്പോർട്ട് പറയുന്നു.

സെപ്റ്റംബർ 2025ലെ കണക്കുകൾ പ്രകാരം, ബാങ്കുകൾ കൈകാര്യം ചെയ്യുന്ന വ്യക്തിഗത വായ്പാ ആസ്തി (AUM) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 13% വളർന്ന് 15.9 ലക്ഷം കോടി ആയി ഉയർന്നു. ബാങ്കുകൾ കൈകാര്യം ചെയ്യുന്ന ക്രെഡിറ്റ് കാർഡ് സംബന്ധമായ ആസ്തി 9% വളർച്ച രേഖപ്പെടുത്തി 3.4 ലക്ഷം കോടി ആയി ഉയർന്നു,ബാങ്കുകൾ കൂടുതൽ കരുതലോടെ വായ്പകൾ അനുവദിക്കുന്നതും ഉപഭോക്താക്കൾ കൂടുതൽ ഉത്തരവാദിത്വത്തോടെ വായ്പ തിരിച്ചടവ് നടത്തുന്നതും ഇന്ത്യയിലെ പണയരഹിത വായ്പാ രംഗം മെച്ചപ്പെടുന്നതിന് കാരണമായെന്ന് എക്സ്പീരിയൻ കമ്പനിയിലെ കൺട്രി മാനേജിംഗ് ഡയറക്ടർ മനീഷ് ജെയിൻ പറഞ്ഞു.

## ആക്സിസ് മ്യൂച്ചൽ ഫണ്ട്: പുതിയ ഫണ്ട് ഓഫർ ഡിസംബർ 22 വരെ

**കൊച്ചി:** ആക്സിസ് മ്യൂച്ചൽ ഫണ്ടിന്റെ സ്വർണ, സിൽവർ ഇ.ടി.എഫ് യൂണിറ്റുകളിൽ നിക്ഷേപിക്കുന്ന ഓപ്പൺ എൻഡഡ് ഫണ്ട് ഓഫ് ഫണ്ട്സ് ആയ ആക്സിസ് ഗോൾഡ് ആൻഡ് സിൽവർ പാസീവ് ഫണ്ട് ഓഫ് ഫണ്ട്സിന്റെ പുതിയ ഫണ്ട് ഓഫർ ഡിസംബർ പത്തു മുതൽ 22 വരെ നടത്തും. ഒരൊറ്റ നിക്ഷേപ പദ്ധതിയിലൂടെ സ്വർണത്തിന്റെയും വെള്ളിയുടെയും പ്രകടനങ്ങളുടെ നേട്ടത്തിൽ പങ്കാളിയാകാനുള്ള സൗകര്യപ്രദവും സുതാര്യവുമായ മാർഗമാണിതെന്ന് ആക്സിസ് എ.എം.സി മാനേജിങ് ഡയറക്ടറും സി.ഇ.ഒയുമായ ബി. ഗോപകുമാർ പറഞ്ഞു.

വെള്ളിയിലും സന്തുലിതമായി വകയിരുത്തൽ നടത്തും വിധം സ്വർണ, വെള്ളി ഇ.ടി.എഫുകളിലാവും പദ്ധതി നിക്ഷേപം നടത്തുക. കുറഞ്ഞത് നൂറു രൂപയും തുടർന്ന് ഓരോ രൂപ വീതവും നിക്ഷേപിക്കാം. പണപ്പെരുപ്പം, കറൻസികളുടെ ചാഞ്ചാട്ടം എന്നിവയ്ക്കെതിരെ മികച്ച രീതിയിൽ ചരിത്രപരമായി നിക്ഷേപം നടത്താൻ സഹായിക്കുന്നവയാണ് സ്വർണവും വെള്ളിയുമെന്ന് ബി. ഗോപകുമാർ പറഞ്ഞു. ഇതോടൊപ്പം വൈവിധ്യവൽക്കരണത്തിന്റെ നേട്ടങ്ങളും നിക്ഷേപത്തിനു ലഭിക്കും. നിക്ഷേപകർക്ക് ലളിതവും ചെലവു കുറഞ്ഞതുമായ മാർഗത്തിലൂടെ ഈ ലോഹങ്ങളിൽ നിന്നു നേട്ടമുണ്ടാക്കാനാണ് തങ്ങൾ അവസരം നൽകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ട്രഷറികൾ 13ന് തുറന്നു പ്രവർത്തിക്കും : തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം:** തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നടക്കുന്ന ഡിസംബർ 13ന് എല്ലാ സർക്കാർ ട്രഷറികളും തുറന്നു പ്രവർത്തിക്കുന്നതിന് ട്രഷറി ഡയറക്ടർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി.

ഫലപ്രഖ്യാപന നടപടികൾ പൂർത്തിയാക്കിയ ശേഷം സുരക്ഷിത സൂക്ഷിപ്പിൽ വയ്ക്കേണ്ട തിരഞ്ഞെടുപ്പ് രേഖകൾ സർക്കാർ ട്രഷറികളുടെ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിക്കുന്നതിനാണിത്.

# മുത്തൂറ്റ് ഫിനാൻസിന്റെ വിപണി മൂല്യം 1.5 ട്രില്യൺ രൂപ കടന്നു

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസിന്റെ വിപണി മൂല്യം 1.5 ട്രില്യൺ രൂപയെന്ന നാഴികക്കല്ലു പിന്നിട്ടു. ജൂൺ 9നാണ് കമ്പനി ഒരു ട്രില്യൺ രൂപയെന്ന മൂല്യത്തിലേക്ക് ആദ്യമായി എത്തിയത്. തുടർന്നുള്ള വെറും അഞ്ചു മാസങ്ങൾ കൊണ്ട് അടുത്ത 50,000 കോടി രൂപയെന്ന മൂല്യവും കൂട്ടിച്ചേർക്കുകയായിരുന്നു. റെക്കോർഡുകൾ സ്ഥാപിച്ചു കൊണ്ടുള്ള സുസ്ഥിര പ്രകടനം, ചരിത്രപരമായ ശക്തമായ ലാഭക്ഷമത, അടിസ്ഥാന സ്വർണ പണയ രംഗത്തെ സുസ്ഥിര വളർച്ച എന്നിവയുടെ പിൻബലത്തോടെ മുത്തൂറ്റ് ഫിനാൻസ് വിപണി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ ഏറ്റവും വലിയ 59ാമത്തെ കമ്പനിയായി മാറി.

ലിസ്റ്റു ചെയ്ത സാമ്പത്തിക സേവന കമ്പനികളുടെ ഇടയിൽ ഏറ്റവും വലിയ 12ാമതു കമ്പനിയുമാണ്. നടപ്പു സാമ്പത്തിക വർഷത്തിന്റെ രണ്ടാം ത്രൈമാസത്തിലും ആദ്യ അർധ വർഷത്തിലും കമ്പനി വൻ കുതിച്ചു ചാട്ടമാണു നടത്തിയത്. കൈകാര്യം ചെയ്യുന്ന ആകെ സംയോജിത ആസ്തികൾ 2025 സെപ്റ്റംബർ 30ന് 1.47 ലക്ഷം കോടി രൂപ എന്ന എക്കാലത്തേയും ഏറ്റവും ഉയർന്ന നിലയിലുമെത്തി. വാർഷികാടിസ്ഥാനത്തിൽ 42 ശതമാനം ഉയർച്ചയാണിത്. അർധ വർഷത്തിലെ സംയോജിത ലാഭം 74 ശതമാനം വാർഷിക വർധനവാണു കൈവരിച്ചത്. മുത്തൂറ്റ് ഫിനാൻസിന്റെ മാത്രം ആകെ വായ്പ 47 ശതമാനം വർധിച്ച് 1.32 ലക്ഷം കോടി രൂപയിലും അറ്റാദായം 88 ശതമാനം വർധനവോടെ 4,391 കോടി രൂപയിലും എത്തി. പണയമായി സ്വീകരിച്ചിട്ടുള്ള ആകെ സ്വർണം ഒരു വർഷം മുൻപുള്ള 199 ടണ്ണിൽ നിന്ന് 209 ടണ്ണായി ഉയർന്നു.

ഗ്രൂപ്പിന്റെ ആകെ ശാഖകൾ 7524 കേന്ദ്രങ്ങളിലേക്കു വിപുലീകരിക്കുകയും ചെയ്തു. സ്ഥിരതയുള്ള ആസ്തി ഗുണനിലവാരവും, ശക്തമായ പണലഭ്യതയും വഴി 20.89 ശതമാനം മൂലധനപര്യാപ്തത അനുപാതത്തോടെ കമ്പനിയുടെ മൂലധന നില ശക്തമായി തുടരുന്നു. തങ്ങളുടെ ബിസിനസ് മാതൃകയുടെ ശക്തിയും പ്രതിരോധ ശേഷിയും മികച്ച രീതിയിൽ സാക്ഷ്യപ്പെടുത്തുന്നതാണ് 1.5 ട്രില്യൺ രൂപയുടെ വിപണി മൂല്യം മറികടന്ന നേട്ടമെന്ന് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ഓഹരി ഉടമകളുടെ മൂല്യം കുത്തനെ ഉയർന്നത് തങ്ങളുടെ വായ്പാ ആസ്തികളുടെ സുസ്ഥിര വളർച്ചയോടുള്ള വിപണിയുടെ പ്രതിഫലനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സൺറൈസ് ഹാവൻ ഉദ്ഘാടനം ചെയ്തു



സൺറൈസ് ആശുപത്രിയിൽ പുതിയതായി ആരംഭിച്ച മാതൃശിശു പരിപാലന വിഭാഗമായ സൺറൈസ് ഹാവന്റെ ഉദ്ഘാടനം രാഹുൽ രാമചന്ദ്രൻ, ശ്രീവിദ്യ മുല്ലച്ചേരി എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു. ഡോ. രാജീവ് ജയദേവൻ, പർവീൺ ഹഫീസ്, രേഷ്മ ശരത്ത്, അപ്പാനി ശരത്ത്, ഡോ. എബി കെ. കോശി, ഡോ. ശോഭ പ്രഭാകരൻ, ഡോ. സോണിയ ഫർഹാൻ തുടങ്ങിയവർ സമീപം.

**കൊച്ചി :** ആയാസരഹിത പ്രസവവും നവജാത ശിശുപരിപാലനവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി 'സൺറൈസ് ഹാവൻ' എന്ന പേരിൽ കാക്കനാട് സൺറൈസ് ആശുപത്രിയിൽ പ്രത്യേക പരിചരണ വിഭാഗം പ്രവർത്തനം ആരംഭിച്ചു. ഗർഭധാരണം മുതൽ നവജാത ശിശുവിനു മൂന്നു മാസങ്ങൾക്കുള്ളിൽ നൽകേണ്ട പ്രതിരോധ കുത്തിവയ്പ്പുവരെ നൽകി അമ്മയുടെയും കുഞ്ഞിന്റെയും സമഗ്രപരിചരണം ഉറപ്പാക്കുന്ന സംവിധാനമായ സൺറൈസ് ഹാവന്റെ ഉദ്ഘാടനം ദമ്പതികളും ചലചിത്ര പ്രവർത്തകരുമായ രാഹുൽ രാമചന്ദ്രൻ, ശ്രീവിദ്യ മുല്ലച്ചേരി എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

ചടങ്ങിൽ ആശുപത്രി മാനേജിംഗ് ഡയറക്ടർ പർവീൺ ഹഫീസ് അധ്യക്ഷത വഹിച്ചു. ഡോ. സോണിയ ഫർഹാൻ, ഡോ. എബി കെ. കോശി, ഡോ. സുമി പീറ്റർ മരിയ, ഡോ. ഷെമിനി സലീം, ഡോ. ശോഭ പ്രഭാകരൻ, ഡോ. രാജീവ് ജയദേവൻ, സിനിമാതാരം അപ്പാനി ശരത്ത്, രേഷ്മ ശരത്ത്, ബി. റഹ്മത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

# 'നേച്ചർ ആൻഡ് ഡ്രീംസ്': വിജയികളെ പ്രഖ്യാപിച്ച് 'ഗ്ലോ ബൈ കീർത്തിലാൽസ്'



**തൃശൂർ:** 'ഗ്ലോ ബൈ കീർത്തിലാൽസ്' 5 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്കായി ദേശീയതലത്തിൽ സംഘടിപ്പിച്ച 'നേചർ ആൻഡ് ഡ്രീംസ്' ചിത്രരചനാ മത്സരത്തിന്റെ ഭാഗമായി തൃശൂർ കേന്ദ്രമാക്കി നടത്തിയ മത്സരത്തിൽ ധ്വനി പ്രദിഷ് ഒന്നാം സ്ഥാനവും നീരവ് നിജിൽ രണ്ടാം സ്ഥാനവും ജൂഡ് ആലപ്പാട്ട് മൂന്നാം സ്ഥാനവും നേടി.

ഓൺലൈൻ വിഭാഗത്തിൽ റെസാഉൽ ജുമാ വിജയിയായി. തൃശൂരിലെ ഗ്ലോ ബൈ കീർത്തിലാൽസിൽ നടന്ന ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. ഗ്ലോ ഡിസൈൻ സ്റ്റുഡിയോ രൂപകൽ പന ചെയ്ത സവിശേഷമായ ഡയമ് ആഭരണമാണ് ഒന്നാം സ്ഥാന വിജയിക്ക് സമ്മാനിച്ചത്. രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവർക്ക് പ്രീമിയം പിയാനോ പ്ലെയറുകളും സമ്മാനമായി നൽകി. കുട്ടികൾക്കായുള്ള ബ്രാൻഡിന്റെ 'ലിൽ ഡാസിൽ' (Lil Dazzle) സംരംഭത്തിന് കീഴിലാണ് മത്സരം സംഘടിപ്പിച്ചത്. ചടങ്ങിൽ 'ദി നെക്ലേസ് എഡിറ്റ്' എന്ന പുതിയ ഡയമണ്ട് നെക്ലേസ് ശേഖരവും ബ്രാൻഡ് അവതരിപ്പിച്ചു.

ലോഞ്ചിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഡയമുകൾക്ക് 30% സവിശേഷ ഓഫറും പ്രഖ്യാപിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും കളക്ഷനുകൾ കാണുന്നതിനും ഗ്ലോ ബൈ കീർത്തിലാൽസ് ഷോറൂമോ www.glowjewels.com എന്ന വെബ്സൈറ്റോ സന്ദർശിക്കാം.

# വനിതാ വികസന കോർപ്പറേഷൻ വിദ്യാഭ്യാസ വായ്പകൾ നൽകുന്നു

**കൊച്ചി:** സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലളിതമായ നടപടിക്രമത്തിലൂടെ അതിവേഗ വ്യക്തിഗത / ഗ്രൂപ്പ്/ വിദ്യാഭ്യാസ വായ്പകൾ നൽകുന്നു. വ്യക്തിഗത സ്വയം തൊഴിൽ വായ്പ പ്രായ പരിധി 18-55 , നാല്,എട്ട് ശതമാനം. തിരിച്ചടവ് കാലാവധി അഞ്ച് വർഷം.

വിദ്യാഭ്യാസ വായ്പ പ്രായ പരിധി 16-32. മൂന്ന്, എട്ട് ശതമാനം. കോഴ്സ് കാലാവധി പ്ലസ് 5 വർഷം. മൈക്രോ ഫിനാൻസ് വായ്പ (സി.ഡി.എസ്) പ്രായ പരിധി 18-55 നാല്, ആറ് ശതമാനം. തിരിച്ചടവ് കാലാവധി 2.5 മൂന്ന് വർഷം. ഉദ്യോഗസ്ഥ ജാമ്യ വ്യവസ്ഥയിലാണ് വായ്പ നൽകുന്നത്.

അപേക്ഷകൾ അക്ഷയ സെന്റർ/ഇന്റർനെറ്റ് സേവാ കേന്ദ്രം മുഖേന www.mithrasoft.kswdc.org വെബ്സൈറ്റിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം മേഖലാ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 9496015011/0484-2984932 ബന്ധപ്പെടുക:




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com